(എൽ) ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ല.

(എം, എൻ) ചോദ്യം ഉദിക്കുന്നില്ല.

തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

82 [1287] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 ഏപ്രിൽ മുതൽ കഴിഞ്ഞ ഓരോ വർഷവും സംസ്ഥാനത്ത് പൊതുമേഖലയിലും സഹകരണ മേഖലയിലും ഉണ്ടായിരുന്ന തൊഴിൽ നഷ്ടപ്പെട്ടവരെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ ;

(ബി) സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ഈ കാലയളവിൽ ആകെ എത്രപേർക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി ;

(സി) ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ട എത്രപേരെ സർക്കാരിന്റെ സഹായ പദ്ധതികളിലൂടെ സഹായിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) കൃത്യമായ കണക്കുകൾ ശേഖരിച്ച് നൽകുന്നതാണ്.

(ബി) സർക്കാർ സ്ഥാപനങ്ങളിലെ കണക്ക് ലഭ്യമല്ല. അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ 714 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടതായി കണക്കാക്കുന്നു.

(സി) സംസ്ഥാനത്ത് ഒരു വർഷത്തിലധികം കാലം പൂട്ടിക്കിടക്കുന്ന സഹകരണ-പൊതുമേഖലാ ഫാക്ടറികളിലെയും എസ്റ്റേറ്റുകളിലെയും മറ്റ് തൊഴിൽ ശാലകളിലെയും തൊഴിലാളികൾക്ക് 1000 രൂപ വീതം 2001-ലെ ഓണക്കാലത്ത് 6355 തൊഴിലാളികൾക്കും 2002-ലെ ഓണക്കാലത്ത് 8006 തൊഴിലാളികൾക്കും സാമ്പത്തിക സഹായമായി വിതരണം ചെയ്തിട്ടുണ്ട്.

2003 വർഷത്തിൽ പൂട്ടിക്കിടക്കുന്ന എസ്റ്റേറ്റുകളിലെ സൗജന്യ റേഷൻ കൈപ്പറ്റുന്ന 9879 തൊഴിലാളികൾക്ക് 500 രൂപ വീതവും കയർ സ്ഥാപനങ്ങൾ സൊസൈറ്റികളിലെ 6564 തൊഴിലാളികൾക്ക് 200 രൂപ വീതവും സഹകരണ-പൊതുമേഖലാ സ്ഥാപനങ്ങളിലെ 7468 തൊഴിലാളികൾക്ക് 1000 രൂപ വീതവും എക്സ്ഗ്രേഷ്യ സാമ്പത്തിക സഹായ വിതരണം ചെയ്തിട്ടുണ്ട്. 2004 വർഷത്തിൽ പൂട്ടിക്കിടക്കുന്ന സഹകരണ-പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 1000 രൂപ വീതവും സൗജന്യ റേഷൻ ലഭിക്കുന്ന എസ്റ്റേറ്റുകളിലെ തൊഴിലാളികൾക്ക് 500 രൂപ വീതവും കയർ സ്ഥാപനങ്ങൾ സൊസൈറ്റികളിലെ തൊഴിലാളികൾക്ക് 200 രൂപ വീതവും വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം സഹകരണമേഖലയിലെ 8079 തൊഴിലാളികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലയിലെ 1074 തൊഴിലാളികൾക്കും എസ്റ്റേറ്റുകളിലെ 3483 തൊഴിലാളികൾക്കും കയർ മേഖലയിലെ 14694 തൊഴിലാളികൾക്കുമാണ് ഓണക്കാലത്ത് എക്സ്ഗ്രേഷ്യ ധനസഹായം നൽകിയിട്ടുള്ളത്. ഇതിനുപുറമേ പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റി ഫണ്ടിൽനിന്നും ഇടുക്കി ജില്ലയിലെ 7739 തോട്ടം തൊഴിലാളികൾക്ക് 500 രൂപവീതം ധനസഹായം നൽകിയിട്ടുണ്ട്. ഒരു വർഷത്തിലധികമായി പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ 4349 തൊഴിലാളികൾക്ക് 2001-ലും 6188 പേർക്ക് 2002-ലും 11768 പേർക്ക് 2003-ലും 16025 പേർക്ക് 2004-ലും 200 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള തുക വിനിയോഗിച്ച് പൂട്ടിക്കിടക്കുന്ന 23 എസ്റ്റേറ്റുകളിലെ 11222 തൊഴിലാളികൾക്ക് സൗജന്യ റേഷനും നൽകിയിട്ടുണ്ട്.

28-2-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത 1288-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിക്കുന്നതിന് നടപടി

83 [1289] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽ സമുദായമായി സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

വിശ്വകർമ്മ സമുദായത്തെ കേരളത്തിലെ പരമ്പരാഗത തൊഴിൽ സമൂഹമായി അംഗീകരിച്ചുകൊണ്ട് 27-11-2003-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 76/03/പജപവവിവ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. †

ഗതാഗത മേഖലയിലെ ഒരു വർഷത്തെ കർമ്മ പരിപാടികൾ

84 [1290] ശ്രീ. ബിനോയ് വിശ്വം :

„ മാങ്കോട് രാധാകൃഷ്ണൻ :

,, പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രഖ്യാപിച്ച ഒരു വർഷത്തെ കർമ്മ പരിപാടിയിൽ ഗതാഗത മേഖലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ മേഖലയിലേക്ക് ആവിഷ്കരിച്ച പരിപാടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly